Kerala Board



Question Paper

First Term

aglasem.com

Reg. No.:.....

Name: .....

S 102

Higher Secondary First Term Examination, September 2024

Part II
MALAYALAM

HSE II

Maximum: 80 Scores

Time: 2.30 Hours
Cool-off Time: 15 Minutes

വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ:

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'ക്ലൗ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'ക്ലൗ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ശരിയായ രണ്ടുത്തരം വീതം തെരഞ്ഞെടുത്ത് എഴുതുക. സ്കോർ 2 വീതം. **(5 × 2 = 10)**

1. കാക്കാരശ്ശി നാടകത്തിന്റെ രണ്ട് സവിശേഷതകൾ സൂചനകളുടെ രൂപത്തിൽ എഴുതുക.
   - അനുഷ്ഠാന കലാരൂപം
   - വടക്കൻ കേരളത്തിലെ കലാരൂപം
   - ആക്ഷേപഹാസ്യ നാടകം
   - സംഗീതം, സംഭാഷണം, നൃത്തം ഇവ ഉൾച്ചേർന്ന കലാരൂപം.
2. ദൈവദശകത്തിന് യോജിച്ച പ്രസ്താവനകൾ ഏതെല്ലാം ?
   - ദൈവം സംസാരസാഗരം കടക്കാൻ സഹായിക്കുന്നു.
   - ദൈവം തെറ്റുകൾ കണ്ടെത്തി ശിക്ഷിക്കുന്നു
   - ദൈവം അന്നവസ്ത്രാദികൾ തന്നു രക്ഷിക്കുന്നു.
   - ദൈവം എല്ലാവരെയും കൈവെടിയുന്നു.

3. 'കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം നന്നെന്നു നിരൂപിക്കുമെന്നുമും വിരൂപന്മാർ' - ഈ വാക്കുകളിലൂടെ ശകുന്തള സൂചിപ്പിക്കുന്നത് എന്തെല്ലാം ?

- കണ്ണാടി കാണാത്ത വിരൂപന്മാർ സുന്ദരന്മാരാണെന്ന് സ്വയം വിചാരിക്കാറുണ്ട്.
- കണ്ണാടി നോക്കിയാൽ സുന്ദരന്മാർക്ക് വിരൂപന്മാർ ആണെന്ന് തോന്നും.
- ദുഷ്ഷന്തന് ശാരീരിക വൈരൂപ്യമുണ്ട്.
- ദുഷ്ഷന്തന് സ്വന്തം ദോഷത്തെക്കുറിച്ച് അറിവില്ല.

4. കിരാത വൃത്തത്തിലെ കാട്ടാളന്റെ തീവ്ര ദുഃഖത്തെ സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ എടുത്തെഴുതുക.

- അമ്പിളി കളമെഴുതി പാടിയ രാവുകൾ
- കണ്ണിൽനിന്ന് ഊറിയടർന്ന തീത്തുള്ളി
- ഈറൻമുടി കോതിയ സന്ധ്യകൾ
- കരളിൽ നുറുങ്ങിയ നൊമ്പരം.

5. വെളിച്ചത്തിനു പിന്നിൽ ചതിവുണ്ടെന്ന് ദിവാകരൻ മനസ്സിലാക്കിയത് ശരിവയ്ക്കുന്ന രണ്ട് പ്രസ്താവനകൾ എഴുതുക.

- വെളിച്ചം വ്യക്തത തരുന്നു.
- വെളിച്ചം അവ്യക്തത ഉണ്ടാക്കുന്നു.
- വെളിച്ചത്തെ വിശ്വസിക്കാം.
- വെളിച്ചം എല്ലാത്തിനും ഒരേ ഛായ നൽകുന്നു.

6. അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിൽ പ്രത്യക്ഷപ്പെടുന്ന ആക്ഷേപഹാസ്യത്തിന് കാരണമായവ കണ്ടെത്തുക.

- അധികാരത്തിന്റെ ജീർണ്ണത
- ജാതീയമായ വിവേചനം
- കച്ചവട ലോകത്തിന്റെ കടന്നുകയറ്റം
- ഭരണത്തിലെ ഉപജാപക വൃന്ദം

7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരം എഴുതുക. സ്കോർ 2 വീതം. (3 × 2 = 6)

7. 'പണ്ഡിതന്മാർക്ക് പോലുമുള്ളൊരുശീലമത്രേ..' ഏത് ശീലത്തെ കുറിച്ചാണ് ശകുന്തള ഇങ്ങനെ പറഞ്ഞത്?

8. തനതുനാടകത്തിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

9. കേശിനി വിദഗ്ധയായ തോഴിയാണെന്ന് തെളിയിക്കുന്ന രണ്ട് സൂചനകൾ എഴുതുക.

10. ടോട്ടോക്കും ജോവലിനും പാകത വരുന്നു എന്ന് അച്ഛന് തോന്നിയത് എന്തുകൊണ്ട് ?

11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 4 വീതം. **(6 ×4 = 24)**

11. ചേരുംപടി ചേർക്കുക.

കിരാതവൃത്തം	-	സാമൂഹ്യ വിമർശനം
അവകാശങ്ങളുടെ പ്രശ്നം	-	അധികാരത്തിന്റെ ജീർണത
അഗ്നിവർണ്ണന്റെ കാലുകൾ	-	കലം മുടിച്ചവരോട് രോഷം.
കാക്കാരശ്ശി നാടകം	-	മരണ ഭയം

12. 'കോകില നാരി പോലെ നീ പരഭൃതയല്ലോ'. തന്നെ അപമാനിക്കാനുള്ള ദുഷ്ഷന്തന്റെ ശ്രമത്തെ ശകുന്തള പ്രതിരോധിക്കുന്നുണ്ട്. പ്രസ്താവനയെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

13. ഉൽപ്പന്നങ്ങളുടെ ധാരാളിത്തത്തിൽ മുങ്ങിപ്പോകുന്ന ഉപഭോക്താവിന്റെ ധർമ്മസങ്കടം അവകാശങ്ങളുടെ പ്രശ്നമെന്ന കഥയിലുണ്ടോ? നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

14. ദയാഭായിയുടെ അനുഭവക്കുറിപ്പ് നൽകുന്ന സന്ദേശം എന്താണ്?

15. 'ഒളിച്ചു പിന്നൊട്ട് ധരിച്ചു ദൂതി' - കേശിനി ഒളിഞ്ഞു നിന്ന് മനസ്സിലാക്കിയ കാര്യങ്ങൾ ദമയന്തിയെ സഹായിക്കുന്നവയാണോ? വിലയിരുത്തുക.

16. അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിലെ അടിച്ചുതളിക്കാരി മറ്റു കഥാപാത്രങ്ങളിൽ നിന്ന് വ്യത്യസ്തയാകുന്നത് എങ്ങനെ ?

17. കാഡ്ജിനെ, മാഡ്രിഡ് എന്നീ സ്ഥലങ്ങൾക്ക് പ്രകാശം ജലം പോലെയാണ് എന്ന് കഥയിലുള്ള പ്രാധാന്യം എന്ത്?

18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 6 വീതം. **(3 × 6 = 18)**

18. കിരാതവൃത്തം എന്ന കവിതയിൽ കാട്ടാളനിൽ കാണുന്ന അമർഷത്തിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

19. മാതൃഭാഷാ പഠനം ജീവിതത്തിലെ ഏറ്റവും നല്ല പഠനമായി ഇ.സി.ജി സുദർശൻ വിലയിരുത്തുന്നത് എന്തുകൊണ്ടാവാം?

20. 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയിലെ രാപ്പകലില്ലാതെ ഉണർന്നിരിക്കുന്ന വിപണി സമകാലിക വിപണികളെ എത്രമാത്രം പ്രതിഫലിപ്പിക്കുന്നു. നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

21. അഗ്നിവർണ്ണന്റെ കാലുകൾ എന്ന നാടകത്തിലൂടെ കാവാലം നാരായണ പണിക്കർ നിർവഹിക്കുന്ന സാമൂഹിക വിമർശനങ്ങൾ എന്തെല്ലാം ?

താഴെക്കൊടുത്തിരിക്കുന്ന ലേഖന ഭാഗം വായിച്ച് 22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. സ്കോർ 2 വീതം. **(3 × 2 = 6)**

വായനയിലെ വാക്ക് മനുഷ്യന് ചുറ്റും ഏകാന്തത നിറയുമ്പോൾ ദൃശ്യബിംബം അവനെ ആൾക്കൂട്ടത്തിൽ ചേർക്കുന്നു. വായന പൂർണ്ണമായും ഒരു സാമൂഹിക പ്രക്രിയയല്ല. ഒരു പുസ്തകം ഒരാൾക്ക് മാത്രമെ ഒരു സമയത്ത് വായിക്കാൻ കഴിയൂ. വേണമെങ്കിൽ മറ്റുള്ളവർ കേൾക്കെ വായിക്കാം. എന്നാൽ ഒരു ദൃശ്യബിംബത്തെ ഒരാൾക്കൂട്ടത്തിന്, സമൂഹത്തിന് ഒരേസമയം കാണാം. കണ്ണുകൾ കൊണ്ട് ദൃശ്യബിംബത്തെ വായിക്കാം. അതുകൊണ്ട് വീഡിയോ ദൃശ്യങ്ങളാണ്

ഇപ്പോഴത്തെ വാക്കുകൾ. ദൃശ്യങ്ങൾ വാക്കുകളുടെയും വായനയുടെയും സ്ഥാനം കൈയടക്കിയിരിക്കുന്നു. ഇന്നത്തെ മനുഷ്യർ വാക്കുകളുടെ അർത്ഥത്തെ സംശയിക്കുന്നു. ചോദ്യം ചെയ്യുന്നു. എന്നാൽ അവർ ദൃശ്യങ്ങളുടെ ആധികാരികതയെ ചോദ്യം ചെയ്യാതെ സ്വീകരിക്കുന്നു, വിശ്വസിക്കുന്നു.

22. ദൃശ്യബിംബത്തെ വായിക്കുക എന്നതിന്റെ അർഥം ഏതാണ്?

23. വാക്കും ദൃശ്യബിംബവും തമ്മിലുള്ള വ്യത്യാസങ്ങൾ ഏതൊക്കെ?

24. പുതിയ കാലത്തെ ജനങ്ങൾക്ക് ദൃശ്യങ്ങളോടുള്ള സമീപനം എന്താണ്?

25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നര പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. സ്കോർ 8 വീതം. $(2 \times 8 = 16)$

25. പരിസ്ഥിതിയെക്കുറിച്ചും വികസനത്തെക്കുറിച്ചുമുള്ള സാമാന്യധാരണകളെ പൊളിച്ചെഴുതാൻ പ്രേരിപ്പിക്കുന്ന കവിതയാണ് കിരാതവൃത്തം. ഈ പ്രസ്താവനയെ മുൻനിർത്തി 'കിരാതവൃത്തം' എന്ന കവിതയുടെ സമകാലിക പ്രസക്തി വിലയിരുത്തുക.

26. നഗരത്തിലെ യാന്ത്രിക ജീവിതത്തെ ഭാവനയിലൂടെ മറികടക്കുന്ന കുട്ടികളാണോ പ്രകാശം ജലം പോലെയാണ് എന്ന കഥയിൽ ഉള്ളത്. വിശകലനം ചെയ്യുക.

27. "കലനാരിക്കരുത് കോപം പോൽ" - കേശിനീമൊഴി,

    "കോകിലനാരിപോലെ നീ പരുഷതയല്ലോ" - കണ്ണാടി കാണ്മോളവും.

    ഒന്ന് ദേഷ്യപ്പെടാനുള്ള അർഹതപോലുമില്ലാത്തവരായിരുന്നോ ക്ലാസ്സിക് സാഹിത്യത്തിലെ സ്ത്രീ കഥാപാത്രങ്ങൾ. വർത്തമാനകാല പെണ്ണവസ്ഥകളെ മുൻനിർത്തി വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക.

QUESTION PAPERS

GET PREVIOUS YEAR QUESTION PAPERS FOR ALL CLASSES FOR CBSE, ISCSE, ISC AND ALL ALL STATE BOARDS HERE AT AGLASEM.COM

BOARD WISE

- Andhra Pradesh Board Question Papers
- Assam Board Question Papers
- Bihar Board Question Papers
- Chhattisgarh Board Question Papers
- Goa Board Question Papers
- Gujarat Board Question Papers
- Haryana Board Question Papers
- Himachal Pradesh Board Question Papers
- J&K State Board Question Papers
- Jharkhand Board Question Papers
- Karnataka Board Question Papers
- Kerala Board Question Papers
- Madhya Pradesh Board Question Papers
- Maharashtra State Board Question Papers
- Manipur Board Question Papers
- Meghalaya Board Question Papers
- Mizoram Board Question Papers
- Nagaland Board Question Papers
- Orissa Board Question Papers
- Punjab Board Question Papers
- Rajasthan Board Question Papers
- Tamil Nadu Board Question Papers
- Telangana State Board Question Papers
- Tripura Board Question Papers
- Uttarakhand Board Question Papers
- Uttar Pradesh (UP) Board Question Papers
- West Bengal (WB) Board Question Papers